ഉത്തരം

(എ-ഡി) സർവ്വീസ് റോഡ് നിർമ്മാണം പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ സർവ്വീസ് റോഡിന്റെ ആവശ്യം ജനങ്ങൾ ശക്തമായി ഉന്നയിക്കുന്നതിനാൽ ഇത് ഉൾപ്പെടുത്തുന്ന കാര്യം NHAI -യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർനടപടികൾ എടുക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

പരിഷ്കരിച്ച പി.ഡബ്ല്യു. ഡി. മാന്വൽ

342(3267) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് പരിഷ്കരിച്ച മാന്വലിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് പ്രസ്തുത നടപടി എത്ര മാത്രം സഹായകരമാകും എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി. ഡബ്ല്യു. ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് G.O (P) No.13/2012/PWD തീയതി 1-2-2012 പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ വരുത്തിയിട്ടുള്ള കാതലായ മാറ്റങ്ങൾ ഇവയാണ്.

1. ഉദ്യോഗസ്ഥന്മാരുടെ ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും കൂടുതൽ വ്യക്തത വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പണി നേരിട്ടു മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരായ ഓവർസിയർക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും കൂടുതൽ ഉത്തരവാദിത്തങ്ങൾ നൽകിയിട്ടുണ്ട്.

3. ഉദ്യോഗസ്ഥരുടെ ഭരണപരവും സാങ്കേതികവുമായ അധികാരങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

4. പൊതുമരാമത്ത് പണികളുടെ നിലവാരം ഉയർത്തുന്നതിനായി കേന്ദ്ര മരാമത്ത് വകുപ്പിന്റെയും കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെയും കോഡുകളുടെ പ്രസക്ത ഭാഗങ്ങൾ മാന്വലിന്റെ ഭാഗമാക്കിയിട്ടുണ്ട്.

5. ആധുനികമായ നിർമ്മാണ സാമഗ്രികളുടെ വിശദാംശങ്ങൾ പുതുക്കിയ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. കരാറുകാരുടെ രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ചു.

7. അഞ്ചു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ദ്വിതല ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തി. കൂടാതെ, അഞ്ചു കോടി രൂപയ്ക്ക് മുകളിലുള്ള പണികൾക്ക് പുറത്തു നിന്നുള്ള ഏജൻസിയെക്കൊണ്ടുള്ള സാങ്കേതികപരിശോധനയ്ക്കും നിർദ്ദേശമുണ്ട്.

8. പ്രവൃത്തിയുടെ കാലാവധി ഒരു കാരണവശാലും അനുവദനീയ ശതമാനത്തിൽ (50%) അധികം ദീർഘിപ്പിച്ചു നൽകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

9. പുരോഗതിയില്ലാത്ത പ്രവൃത്തികൾക്ക് പിഴകൂടാതെ പ്രതിവാരം കരാർ തുകയുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജ് പരമാവധി 10% ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം ഉദ്യോഗസ്ഥരുടെയും കരാറുകാരുടേയും കാര്യക്ഷമത എന്നിവയിൽ പ്രകടമായമാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്തുവാനും വേണ്ടി നിയമിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ഫിനാൻസ് വകുപ്പുമായി ചർച്ചകൾ പൂർത്തിയായി. അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി ഭേദഗതികൾ വരുത്തിയ മാന്വൽ പ്രസിദ്ധീകരിക്കുവാൻ നടപടികളെടുത്ത് വരുന്നു.

എസ്റ്റിമേറ്റ് എടുത്ത വർക്കുകൾക്ക് ടെണ്ടർ നടപടിക്ക് കാലതാമസം

343(3268) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്താൻ എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുന്ന വർക്കുകൾക്ക് ഭരണ, സാങ്കേതിക അനുമതികൾ നൽകാൻ കാലതാമസം വരുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നടപ്പു സാമ്പത്തിക വർഷം അവസാനിക്കാൻ 4 മാസം മാത്രം ഉള്ളപ്പോൾപോലും നിരവധി മാസങ്ങൾക്കുമുമ്പ് സമർപ്പിച്ച വർക്കുകളിൽ ഇനിയും ടെണ്ടർ നടപടി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം ടി പ്രവർത്തനങ്ങൾ താമസിപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നത് ശരിയാണോ ; ഇല്ലെങ്കിൽ ഇതിന് വേണ്ട പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്താൻ എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുന്ന വർക്കുകൾക്ക് അതാത് ഭരണ വകുപ്പുകളാണ് ഭരണാനുമതി നൽകുന്നത്. പൊതുമരാമത്ത് വകുപ്പിൽ ഭരണ സാങ്കേതികാനുമതികൾ നൽകുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിർദ്ദേശം നൽകിയിട്ടില്ല.

കട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം

344(3269) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈനകരി പഞ്ചായത്തിലെ മുണ്ടയ്യൽ പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly